**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- സംസ്ഥാനത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മോക്ക്ഡ്രില്ല് നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.619/2023/DMD  തീയതി 19-10-2023,തിരുവനന്തപുരം

---

പരാമർശം:- 07.01.2023 ലെ സ.ഉ(സാധാ)നം.10/2023/ഡിഎംഡി ഉത്തരവ്.

**<u>ഉത്തരവ്</u>**

29/12/2022 ൽ സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ റിഹേഴ്സലിന്റെ ഭാഗമായി സംഘടിപ്പിച്ച മോക്ഡ്രില്ലിൽ പത്തനംതിട്ട ജില്ലയിൽ ബിനു സോമൻ എന്ന വോളണ്ടിയർ മരണപ്പെടാൻ ഇടയായ സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തി ലാൻഡ് റവന്യൂ കമ്മീഷണർറിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മോക്ക്ഡ്രില്ല് നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. മോക്ക്ഡ്രില്ലുകളിൽ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം ( I R S ) ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് പര്യാപ്തമായ രീതിയിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതും, IRS അംഗങ്ങൾ എല്ലാം അവരവരുടെ ഔദ്യോഗികപദവി ഭേദമന്യേ പരിശീലനങ്ങളുടെ ഭാഗഭാക്കായി അവരവരുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് ബോധവാന്മാരും ആയിരിക്കേണ്ടതാണ്. മോക്ഡ്രില്ലുകൾ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി IRS ലെ വിവിധ വിഭാഗങ്ങൾ സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ ഒരു ആസൂത്രണ യോഗം ചേരേണ്ടതാണ്.

2. മോക്ഡ്രിൽ നടത്താനായി കണ്ടെത്തുന്ന സ്ഥലം ഓരോ സിനാരിയോകൾക്കും അനുയോജ്യവും വാഹനങ്ങൾ എത്തിച്ചേരുന്നതിനുള്ള സൗകര്യങ്ങൾ, ആശുപത്രി സൗകര്യം, ജലാശയങ്ങളിലെ അപകട സാദ്ധ്യതകൾ തുടങ്ങിയവ ശ്രദ്ധിച്ചും മോക്ക്ഡ്രില്ലിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ ഉറപ്പ് വരുത്തിക്കൊണ്ടു ള്ളവയുമായിരിക്കണം. തദ്ദേശ സ്ഥപനങ്ങൾ ഇത്തരം സ്ഥലം കണ്ടെത്തേണ്ടതും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ, രക്ഷാസേനകൾ എന്നിവയുമായി കൂടിയാലോചിക്കുകയും ചെയ്ത ശേഷം മാത്രമെ അന്തിമ തീരുമാനത്തിൽ എത്താൻ പാടുള്ളൂ.

3. മോക്ക്ഡ്രില്ലുകളിൽ വോളണ്ടിയർമാരായ ആളുകളായി രക്ഷാസേനകളിലെ അംഗങ്ങളെയോ അതു തീരെ സാധ്യമല്ലെങ്കിൽ മാത്രം ഇൻഷ്വറൻസ് പരിരക്ഷയുള്ള പരിശീലനം സിദ്ധിച്ച സിവിൽ ഡിഫൻസ്, ആപ്ത മിത്ര അംഗങ്ങളെയോ മാത്രം പങ്കെടുപ്പിക്കേണ്ടതാണ്. മോക്ഡ്രില്ലുകളിലെ

പൊതുജനങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്ക് കൃത്യമായി നിർണ്ണയിക്കപ്പെട്ടിരിക്കണം. ഡ്രിൽ നടത്താൻ ആവശ്യമായ സ്ഥല സൗകര്യം സജ്ജീകരിക്കൽ, ക്യാമ്പ് അംഗങ്ങളായി പ്രവർത്തിക്കൽ, ട്രാഫിക് മാനേജ്മെന്റ് പോലെയുള്ള പ്രവർത്തനങ്ങളിൽ മാത്രമായി ഇത്തരം സന്നദ്ധ സേന, IAG (Inter-Agency Groups), ERT (Emergency Response Team) എന്നവരെ ഉപയോഗിക്കേണ്ടതാണ്. സിവിൽ ഡിഫൻസ്, ആപ്ത മിത്ര എന്നിങ്ങനെയുള്ള സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കുന്നുണ്ടെങ്കിൽ അവർക്ക് ഡ്രില്ലിലെ അപകടസാധ്യതയുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കണം. പങ്കാളികളാകുന്ന സന്നദ്ധ പ്രവർത്തകരുടെ ആരോഗ്യസ്ഥിതി പരിശോധിക്കേണ്ടതും ഡോക്ടറുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

4. മോക്ഡ്രിൽ നടന്നുകഴിഞ്ഞാൽ എല്ലാ ജില്ലകളിലും ഡ്രില്ലുമായി ബന്ധപ്പെട്ട ഡീബ്രീഫിങ്ങ് മീറ്റിംഗ് നടത്തി പോരായ്മകൾ കണ്ടെത്തി അവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ അതാത് ജില്ലാ കളക്ടർ/ഡെപ്യൂട്ടി കളക്ടർ (ഡി.എം) നേരിട്ട് സ്വീകരിക്കേണ്ടതാണ്, ഡെപ്യൂട്ടി കളക്ടർ (ഡി.എം) തസ്തികയിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ അവഗാഹമുള്ള ഡെപ്യൂട്ടി കളക്ടറെ നിയമിക്കേണ്ടതാണ്.

5. ഡ്രിൽ തുടങ്ങുന്നതിനു മുമ്പ് തന്നെ മോക്ക്ഡ്രില്ലിൽ പങ്കെടുക്കുന്ന സേന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ പങ്കെടുക്കുന്ന സന്നദ്ധസേന പ്രവർത്തകർ, ഉപയോഗിക്കുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് താലൂക്ക് IRS ഉദ്യോഗസ്ഥർക്കും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും നൽകേണ്ടതാണ്.

6. മോക്ക്ഡ്രിൽ നടക്കുന്ന സ്ഥലങ്ങളിലെ ആൾക്കൂട്ടം നിയന്ത്രിക്കുക എന്നത് പല സ്ഥലങ്ങളിലും കൃത്യമായി പാലിക്കപ്പെടാറില്ല എന്നതിനാൽ ഡ്രിൽ നടക്കുന്ന സ്ഥലങ്ങളിലേയ്ക്ക് പ്രവേശനം നൽകുന്ന ആൾക്കാരുടെ കൃത്യമായ കണക്ക് താലൂക്ക് ജില്ലാ ഉദ്യോഗസ്ഥരുടെ കൈവശം ഉണ്ടായിരിക്കേണ്ടതും ആവശ്യമായ പോലീസ് സൗകര്യം ഒരുക്കേണ്ടതുമാണ്.

7. മോക്ക്ഡ്രില്ലിൽ ഉപയോഗിക്കുന്ന കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, രക്ഷാപ്രവർത്തന ഉപകരണങ്ങൾ എന്നിവ ശരിയായ രീതിയിൽ പ്രവർത്തനക്ഷമമാണ് എന്ന് മുൻകൂറായി പരിശോധിച്ച് ഉറപ്പാക്കേണ്ടതും, എന്തെങ്കിലും തകരാറുള്ള ഉപകരണങ്ങൾ യാതൊരു കാരണവശാലും ഉപയോഗിക്കുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

8. മോക്ക്ഡ്രില്ലുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും താലൂക്ക് തലത്തിൽ ഇൻസിഡന്റ് കമാൻഡറായ തഹസിൽദാരിൽ നിക്ഷിപ്തമാക്കേണ്ടതും സേന ഉൾപ്പെടെയുള്ള വകുപ്പതല ഉദ്യോഗസ്ഥർ ഇൻസിഡന്റ് കമാൻഡറായ തഹസിൽദാരുടെ നിർദ്ദേശത്തിനു വിധേയമായി പ്രവർത്തിക്കേണ്ടതുമാണ്. മോക്ക്ഡ്രില്ലിനു മുന്നോടിയായി ഇവർ ഒരുമിച്ച് നിർബന്ധമായും പരിചയപ്പെടുകയും മീറ്റിംങ് നടത്തുകയും വേണം.

9. പത്തനംതിട്ട ജില്ലയിൽ ശബരിമല മണ്ഡലോത്സവം പോലെ ജില്ലകളിൽ ഫയർഫോഴ്സ്, പോലീസ്

തുടങ്ങിയ സേനാംഗങ്ങൾ മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്ന സാഹചര്യങ്ങളിൽ മോക്ക്ഡ്രിൽ ഒഴിവാക്കുകയോ മാറ്റിവെക്കുകയോ ചെറിയ രീതിയിൽ നടത്തുകയോ ചെയ്യേണ്ടതാണ്.

10. E R T വോളണ്ടിയേഴ്സിനെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ മുൻപരിചയം, കായികക്ഷമത, ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ എന്നിവകൂടി പരിശോധിക്കേണ്ടതാണ്.

11. D D M A പൂർണ്ണമായും റവന്യൂ സംവിധാനത്തിലും S D M A ഒരു സ്വതന്ത്ര സംവിധാനമായും നിലകൊള്ളുന്നു. ഇത് പരിഹരിക്കാൻ SDMA/SEOC എന്നിവയിൽ CEO DDMA യുടെ അതേ റാങ്കിലുള്ള റവന്യൂ ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്. ഇതുവഴി I R S സംവിധാനത്തിന്റെ കേന്ദ്രബിന്ദുവായ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുമായി സുഗമമായ ആശയവിനിമയം സാദ്ധ്യമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ, ഫയർ & റസ്ക്യൂ സർവ്വീസസ്
ഡയറക്ടർ, സാമൂഹിക സന്നദ്ധ സേന
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ആഭ്യന്തര വകുപ്പ് അഡീഷണർ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണർ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എയ്ക്ക്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 20-10-2023 15:40:35

സെക്ഷൻ ഓഫീസർ